ആശുപത്രി പ്രവർത്തനത്തെ ഇത് ബാധിക്കാതിരിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

146 (1750) എയ്ഡ്സ് ബോധവൽക്കരണത്തിന് ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡ്സിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; അവയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഓരോ ജില്ലയിലും ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സ്വതന്ത്ര ഏജൻസികളെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചതിന്റെ മാനദണ്ഡങ്ങളെന്തൊക്കെയാണ്;

(ഡി) വയനാട് ജില്ലയിൽ എയ്ഡ്സ് ബോധവൽക്കരണത്തിന് നിയോഗിച്ച സുൽത്താൻ ബത്തേരിയിലെ ഹിൽഡ ട്രസ്റ്റിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഹിൽഡ ട്രസ്റ്റ് നടത്തിയ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ;

(ഇ) ഹിൽഡ ട്രസ്റ്റിനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് വിദേശസഹായം ലഭിക്കുന്നതിനെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് എയ്ഡ്സിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസി വഴി വ്യത്യസ്ത സാമൂഹ്യഘടകങ്ങളായ ലൈംഗിക തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, ചേരിനിവാസികൾ, കമ്പനി തൊഴിലാളികൾ, പ്രത്യേക സാമുദായിക സംഘങ്ങൾ, തെരുവ് കുട്ടികൾ തുടങ്ങിയ ഹൈറിസ്ക് ഗ്രൂപ്പുകൾക്ക് ആവശ്യാധിഷ്ഠിത ബോധനത്തെ സംബന്ധിച്ച് പഠനം നടത്തുകയും എയ്ഡ്സിനെതിരെ അവബോധം നൽകുകയും ചെയ്യുന്നു. കൂടാതെ സാമൂഹ്യ പ്രവർത്തകർ ആട്ടോറിക്ഷാ ഡ്രൈവർമാർ, എന്നിവർക്കായി ബോധവൽക്കരണവും ബോധവൽക്കരണ ക്ലിനിക്കും നടത്തുക, പ്രൈവറ്റ് ആശുപത്രി ജീവനക്കാർക്കും അവിടെയെത്തുന്ന പൊതുജനങ്ങൾക്കും ബോധവൽക്കരണം, ശബ്ദവും വെളിച്ചവും ഉപയോഗിച്ചുള്ള ബോധവൽക്കരണം തീരപ്രദേശത്തെ ജനങ്ങൾക്ക് ആവശ്യാധിഷ്ഠിതബോധനം, ടാക്സിഡ്രൈവർമാർക്ക് ബോധവൽക്കരണം, പാരലൽ കോളേജ് സ്റ്റുഡന്റ്സിന് ബോധവൽക്കരണം, ഇടുക്കി ജില്ലയിലെ 31 വാർഡുകളിൽ സെമിനാർ സംഘടിപ്പിക്കൽ തുടങ്ങിയ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഓരോ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുന്നു.

(ബി) എ ചോദ്യത്തിനുള്ള മറുപടി ജില്ലാടിസ്ഥാനത്തിൽ നൽകിയിട്ടുള്ളത് ഇതിന് പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ മാനദണ്ഡ പ്രകാരമാണ് സ്വതന്ത്ര ഏജൻസികളെ എയ്ഡ്സ് ബോധവൽക്കരണ പ്രവർത്തനങ്ങളൾക്ക് നിയോഗിച്ചത്.

(ഡി) കേരളാ സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ നിന്നും സ്റ്റേറ്റ് മാനേജ്മെന്റ് ഏജൻസി എന്ന സംഘടന മുഖേന 'ഹിൽഡ'യ്ക്ക് അനുവദിച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.†

(1) 1.3.98 മുതൽ 31.8.98 വരെയുള്ള കരാർ പ്രകാരം 3,94,000 രൂപ.

(2) 1.9.98 മുതൽ 31.8.99 വരെയുള്ള കരാർ പ്രകാരം 14,71,231 രൂപ.

(3) 1.9.99 മുതൽ പുതിയ കരാർ പ്രകാരം 3,90,000 രൂപ.

വയനാട് ജില്ലയിലെ തെരഞ്ഞെടുത്ത പത്ത് പഞ്ചായത്തുകളിലെ ആദിവാസികൾക്ക് എയ്ഡ്സിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക, എസ്.ടി.ഡി ബാധിതർക്കും സാധാരണ രോഗികൾക്കും ചികിൽസാസൗകര്യം ലഭ്യമാക്കുക, അവർക്ക് ഈ രോഗത്തെ സംബന്ധിച്ച ബോധവൽക്കരണത്തിന് സഹായകരമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക എന്നിവയും ഹിൽഡയുടെ പ്രവർത്തനത്തിൽപ്പെടുന്നു. ''ബോധന'' എന്ന സംഘടന മുഖാന്തിരം ആദിവാസികുട്ടികൾക്ക് അവരുടെ ഭാഷയിൽതന്നെ ബോധവൽക്കരണം നടത്തുന്നു. മറ്റൊരു 50 അംഗ സംഘടന യുവജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നു.

(ഇ) ഉണ്ട്. ഹിൽഡയ്ക്ക് ലഭിക്കുന്ന വിദേശസഹായം ഡി.ഐ.എഫ്. ഐ.ഡി (ഡിപ്പാർട്ടുമെന്റ് ഓഫ് ഇന്റർ നാഷണൽ ഡെവലപ്പ്മെന്റ് ഓഫ് ബ്രിട്ടീഷ് ഹൈക്കമ്മീഷൻ) സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന നൽകുന്നതാണ്.

147 (1751) മന്തുരോഗ നിവാരണകേന്ദ്രം നിർത്തലാക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ പ്രവർത്തിച്ചിരുന്ന മന്തുരോഗ നിവാരണകേന്ദ്രം എന്നുമുതലാണ് നിർത്തലാക്കിയത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം സംസ്ഥാന ആരോഗ്യവകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് വി.സി.ആർ.സി.യുടെ ഡി.എം.ഒ.യും ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ എന്നാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) വി.സി.ആർ.സി.യിലെ പരിചയസമ്പന്നരായ സ്റ്റാഫിനെക്കൂടിയെടുത്ത് ഒരു വൈറോളജി ലബോറട്ടറി ഉണ്ടാക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
1062/2010.

LIBRARY ARCHIVES Kerala Legislative Assembly